# KERALA STATE BLOOD TRANSFUSION COUNCIL

Red Cross Road, Thiruvananthapuram.
Phone: 0471 – 2304882, 2304704, FAX: 2305183
E-Mail: keralasacs@gmail.com


11/08/09

## ബ്ലഡ് ബാങ്കുകൾ കെഎസ്ബിറ്റിസിയുടെ അംഗീകാരം മൂന്ന് മാസത്തിനുള്ളിൽ നേടിയിരിക്കണം

**തിരുവനന്തപുരം:** സംസ്ഥാനത്തെ സർക്കാർ - പ്രൈവറ്റ് ബ്ലഡ് ബാങ്കുകൾ കേരള സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ (കെഎസ്ബിറ്റിസി) അംഗീകാരം മൂന്ന് മാസത്തിനുള്ളിൽ നേടിയിരിക്കണമെന്ന് കേരള സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ അറിയിച്ചു. ഇതിനുള്ള വ്യവസ്ഥകൾ നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റലിന്റെ (എൻഎബിഎച്ച്) വ്യവസ്ഥകൾക്ക് സമാനമാണ്.

സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കുകൾക്ക് രജിസ്ട്രേഷൻ ഫീസ് ഒടുക്കേതില്ലെങ്കിലും അവ രജിസ്ട്രേഷനുള്ള അപേക്ഷകൾ സമർപ്പിക്കണം. പ്രൈവറ്റ് ആശുപത്രികളിൽ പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കുകൾ അയ്യായിരം രൂപയാണ് രജിസ്ട്രേഷൻ ഫീസായി നൽകേത്. ഇതിനുള്ള അപേക്ഷ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ www.ksacs.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാം.

പുതിയ ബ്ലഡ് ബാങ്കുകൾക്കും നിലവിലെ ബ്ലഡ് ബാങ്കുകളടെ ലൈൻസൻസ് പുതുക്കുന്നതിനും ആവശ്യമുള്ള എൻഒസിയുടെ അപേക്ഷയും വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ ഓഫീസിൽ നിന്നും നേരിട്ടും ഈ അപേക്ഷകൾ ലഭ്യമാണ്.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർഥിക്കുന്നു

സ്നേഹപൂർവ്വം



മെമ്പർ സെക്രട്ടറി
കേരള ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ
തിരുവനന്തപുരം